# സംസ്ഥാന സഹകരണ യൂണിയൻ,കേരള

## പരിപത്രം.നം.7/2020

എ.ഡി.എം.(1)/8873/2019 തിരുവനന്തപുരം, തീയതി.17.03.2020

വിഷയം - സംസ്ഥാന സഹകരണ യൂണിയനിലെ ജീവനക്കാർ, മറ്റ് സ്ഥാപനങ്ങളിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച്

സൂചന - ബഹു. കേരള സർക്കാരിന്റെ 12.03.2020 ലെ ഉപ.സി.2/76/2020-ഉപഭവ-ാം നമ്പർ പരിപത്രം.

സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിലുള്ള വിവിധ സ്ഥാപനങ്ങളിൽ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാർ യൂണിയന്റെ മുൻകൂർ അനുമതി വാങ്ങാതെ വേതനം സ്വീകരിച്ചുകൊണ്ടും അല്ലാതെയും സ്വകാര്യ കോച്ചിംഗ് സ്ഥാപനങ്ങളിൽ ക്ലാസ്സ് എടുക്കുന്നതായും, ആനുകാലികങ്ങളിൽ പംക്തികൾ കൈകാര്യം ചെയ്യുന്നതായും ടി സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പുസ്തകങ്ങളും ഗൈഡുകളും പ്രസിദ്ധീകരിക്കുന്നതായും അത്തരം പ്രവർത്തനങ്ങൾക്ക് പ്രത്യക്ഷമായും പരോക്ഷമായും കൂട്ടു നിൽക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽപ്പറഞ്ഞ പ്രവൃത്തികൾ ഗുരുതരമായ അച്ചടക്ക ലംഘനമായതിനാൽ ഇത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്നവർക്കെതിരെ നിയമനാധികാരികൾ കർശന ശിക്ഷണനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സൂചന പ്രകാരം ബഹു. സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ഇതു സംബന്ധിച്ച് ചുവടെപ്പറയും പ്രകാരം പൊതുവായ നിർദ്ദേശങ്ങൾ അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്ക് നൽകുന്നു.

1. സംസ്ഥാന സഹകരണ യൂണിയനിലെ സ്ഥിരം അദ്ധ്യാപക/അനദ്ധ്യാപക മറ്റു ജീവനക്കാർ എന്നിവർ യൂണിയന്റെ മുൻ അനുമതി വാങ്ങാതെ പാരലൽ കോളേജ്, കോച്ചിംഗ് സെന്റർ, പി.എസ്.സി.ട്യൂഷൻ സെന്റർ, സ്വകാര്യ ട്യൂഷൻ സെന്റർ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യാനോ മറ്റ് ആനുകാലികങ്ങളിൽ പംക്തികൾ കൈകാര്യം ചെയ്യാനോ പാടുള്ളതല്ല.

2. മുൻകൂർ അനുമതിയോടെ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന ജീവനക്കാർ സംസ്ഥാന സഹകരണ യൂണിയന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായയിട്ടുള്ളതോ പൊതു താൽപ്പര്യത്തിന് വിരുദ്ധമായിട്ടുള്ളതോ ആയ തരത്തിലുള്ള ക്ലാസ്സുകൾ എടുക്കാൻ പാടുള്ളതല്ല.

3. സംസ്ഥാന സഹകരണ യൂണിയന്റേതല്ലാത്ത പ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങൾ/പംക്തികൾ എന്നിവ പ്രസിദ്ധീകരിക്കുക, പുസ്തകം പ്രസിദ്ധീകരിക്കുക എന്നിവയ്ക്ക് സംസ്ഥാന സഹകരണ യൂണിയന്റെ മുൻകൂർ അനുമതി വാങ്ങിയിരിക്കേണ്ടതും അപ്രകാരം പുസ്തകങ്ങൾ/ലേഖനങ്ങൾ എന്നിവ യൂണിയന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമാകാനും പാടുള്ളതല്ല.

4. മുൻകാലങ്ങളിൽ ഇത്തരത്തിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിനും അനുകാലിക പ്രസിദ്ധീകരണങ്ങളിൽ ലേഖനം/പംക്തികൾ എന്നിവ പ്രസിദ്ധീകരിക്കുന്നതിനും, പുസ്തകം പ്രസിദ്ധീകരിക്കുന്നതിനും സംസ്ഥാന സഹകരണ യൂണിയന്റെ മുൻകൂർ അനുവാദം വാങ്ങിയിട്ടുള്ള ജീവനക്കാർ [illegible] 30.04.2020-ന് മുൻപ് ആയത് പുതുക്കി വാങ്ങേണ്ടതുമാണ്.

5. സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിലുള്ള വിവിധ സഹകരണ പരിശീലന കേന്ദ്രം/കോളേജുകളിൽ സേവനമനുഷ്ഠിക്കുന്ന സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കും ടി നിർദ്ദേശങ്ങൾ ബാധകമാണ്. കൂടാതെ സർക്കാർ ഉദ്യോഗസ്ഥർക്കുള്ള പൊതു നിർദ്ദേശങ്ങളും ടി വിഷയത്തിൽ ടി ഉദ്യോഗസ്ഥർ പാലിച്ചിരിക്കേണ്ടതാണ്.

6. ടി നിർദ്ദേശങ്ങൾ സ്റ്റാഫ് മീറ്റിംഗിൽ ചർച്ച ചെയ്ത് വിവരം എല്ലാ ഉദ്യോഗസ്ഥരേയും അറിയിക്കാൻ സെന്റർ/കോളേജ് പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തുന്നു.

7. ടി മാനദണ്ഡങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന ജീവനക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

അഡീഷണൽ രജിസ്ട്രാർ-സെക്രട്ടറി

ഉള്ളടക്കം - സൂചന (1) പരിപത്രം.

എല്ലാ സംസ്ഥാന സഹകരണ യൂണിയൻ ജീവനക്കാർക്കും.

പകർപ്പ് - 1) കൺവീനർ, സെക്രട്ടറി, ജനറൽ മാനേജർ, ഡെപ്യൂട്ടി ജി.എം. എന്നിവരുടെ മേശപ്പുറങ്ങളിൽ

2) എല്ലാ സഹകരണ പരിശീലന കേന്ദ്രം/കോളേജ് പ്രിൻസിപ്പാൾമാർക്കും.

3) ഡയറക്ടർ, കിക്മ

4) പ്രിൻസിപ്പാൾ, കിക്മ എ.എസ്.സി.

5)എല്ലാ സഹകരണ വിദ്യാഭ്യാസ ഇൻസ്ട്രക്ടർമാർക്കും.

6) കരുതൽ ഫയൽ, പേഴ്സണൽ ഫയൽ.

ഡി.

കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി)വകുപ്പ്

**<u>പരിപത്രം</u>**

നം.ഉപ.സി.2/76/2020-ഉഭപവ    തിരുവനന്തപുരം, തീയതി 12.03.2020

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - സർക്കാർ ജീവനക്കാർ, സർക്കാർ/എയ്ഡഡ് -സ്കൂൾ/കോളേജുകളിലെ അധ്യാപകർ എന്നിവർ സ്വകാര്യ പി.എസ്.സി. പരിശീലന കേന്ദ്രങ്ങൾ / ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ നടത്തുന്നതിനും ക്ലാസുകൾ എടുക്കുന്നതിനുമെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

സർക്കാർ ജീവനക്കാർ, സർക്കാർ/എയ്ഡഡ് -സ്കൂൾ/കോളേജുകളിലെ അധ്യാപകർ എന്നിവർ സ്വകാര്യ പി.എസ്.സി. പരിശീലന കേന്ദ്രങ്ങൾ, സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ഇടങ്ങിയവ നടത്തുന്നതായും അത്തരം സ്ഥാപനങ്ങളിൽ അധ്യാപനം നടത്തുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ സർക്കാർ ജീവനക്കാർ, സർക്കാർ/എയ്ഡഡ് -സ്കൂൾ/കോളേജുകളിലെ അധ്യാപകർ മേല്പറഞ്ഞ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പുസ്തകങ്ങളും ഗൈഡുകളും പ്രസിദ്ധീകരിക്കുന്നതായും അത്തരം പ്രവർത്തനങ്ങൾക്ക് പ്രത്യക്ഷമായും പരോക്ഷമായും കൂട്ടുനിൽക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2. പ്രസ്തുത വിഷയം സർക്കാർ അതീവ ഗൗരവത്തോടെയാണ് കാണുന്നത്. മേല്പറഞ്ഞ പ്രവൃത്തികൾ ഗുരുതരമായ അച്ചടക്ക ലംഘനമായതിനാൽ ഇത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്നവർക്കെതിരെ വകുപ്പദ്ധ്യക്ഷൻമാർ/നിയമനാധികാരികൾ കർശന ശിക്ഷണ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഇതിനാൽ നിർദ്ദേശം നൽകുന്നു.

3. വകുപ്പദ്ധ്യക്ഷൻമാർ/നിയമനാധികാരികൾ എന്നിവരുടെ ഭാഗത്തുനിന്നും മേൽപ്പറഞ്ഞ നിർദ്ദേശത്തിന്റെ ലംഘനമുണ്ടായാൽ ആയത് ഗൗരവതരമായി കണക്കാക്കുന്നതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഭരണവകുപ്പ് സെക്രട്ടറിമാർ കർശന നടപടി സ്വീകരിക്കേണ്ടതുമാണ്.

കെ.ഗോപാലകൃഷ്ണ ഭട്ട്
സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും

Scanned with CamScanner